**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1650** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രിയദർശിനി സൗജന്യയാത്ര പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** പ്രിയദർശിനി ബസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. -യെ കൂടുതൽ ജനങ്ങളിലേക്ക് അടുപ്പിക്കുകയും സ്ഥാപനത്തെ കൂടുതൽ ജനകീയമാക്കുകയും ചെയ്തിട്ടുണ്ടെന്ന് കരുതുന്നുണ്ടോ;

**<u>മറുപടി:</u>** പ്രിയദർശിനി ബസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ ജനങ്ങളിലേക്ക് അടുപ്പിക്കുകയും സ്ഥാപനത്തെ കൂടുതൽ ജനകീയമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിനുശേഷം കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന യാത്രക്കാരുടെ എണ്ണം 19.03 ലക്ഷത്തിൽ നിന്ന് 26.12 ലക്ഷമായി 37.3 ശതമാനം വർധിച്ചു.

**(ബി)** പ്രസ്തുത പദ്ധതി 100 ദിനം പിന്നിട്ടിട്ടുള്ള വേളയിൽ എത്ര സൗജന്യ യാത്രകളാണ് നടന്നിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

**<u>മറുപടി:</u>** പരിശോധിച്ചിട്ടുണ്ട്. പദ്ധതി 100 ദിനം പൂർത്തിയായ ദിവസം വരെ (15.06.2026 – 22.09.2026) ആകെ 12,89,56,892 സൗജന്യ യാത്രകൾ നടന്നു. പ്രതിദിന ശരാശരി 12.90 ലക്ഷം.

**(സി)** പ്രസ്തുത പദ്ധതിയ്ക്കായി എത്ര കോടി രൂപയുടെ ടിക്കറ്റുകൾ സൗജന്യമായി നൽകിയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 100 ദിനത്തേക്ക് (22-9-2026 വരെ) 274.49 കോടി രൂപയുടെ ടിക്കറ്റുകൾ സൗജന്യമായി നൽകി.

**(ഡി)** ഇപ്രകാരം ആനുകൂല്യം നല്കിയത് കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ അത് മറികടക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** പ്രിയദർശിനി പദ്ധതി നടപ്പിലാക്കുന്നതു വഴി കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടാകുന്ന സാമ്പത്തിക ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കുമെന്ന് 11-6-2026 ലെ സ.ഉ.(കൈ) നമ്പർ 16/2026/ട്രാൻസ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിൻപ്രകാരം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വരുമാനക്കുറവ് റീ-ഇമ്പേഴ്സ്മെന്റ് ചെയ്യുന്നതിനായി സർക്കാരിലേക്ക് അഭ്യർത്ഥിക്കുകയും, ആയതിൻപ്രകാരം ടി തുക മുടക്കം കൂടാതെ പൂർണ്ണമായും സംസ്ഥാന സർക്കാർ അനുവദിക്കുകയുമാണ്.

**സെക്ഷൻ ഓഫീസർ**